8. പരിസ്ഥിതി സംബന്ധമായ നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം

9. കായിക പരിശീലനം, യോഗ, ധ്യാനം തുടങ്ങിയവയുടെ പരിശീലനം

10. ജൈവവൈവിദ്ധ്യ സംരക്ഷണം, കടലാമ സംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണം, വിവിധ വനസസ്യങ്ങളെ തിരിച്ചറിയാനുള്ള പരിശീലനം. ഇവ കൂടാതെ നേതൃത്വ പരിശീലന ക്യാമ്പുകൾ, ശില്പശാല, സെമിനാറുകൾ എന്നിവയും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഇന്ത്യാ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട്

289 (2164) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഷിംഗ്ടണിൽ തയ്യാറാക്കപ്പെട്ട ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ സ്ഥലങ്ങളെ ബന്ധിപ്പിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; സംസ്ഥാന സർക്കാർ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഇന്ത്യയിലെ ഏത് ഏജൻസി വഴിയാണ് ഇത് നടപ്പാക്കുന്നത് ; ഇതിൽ വനം വകുപ്പിന്റെ പങ്ക് എന്താണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഏക്കർ കൃഷിഭൂമി സംരക്ഷിത വനപ്രദേശമാക്കി മാറ്റാനുദ്ദേശിക്കുന്നുണ്ട് ; പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എത്ര ഏക്കർ സ്ഥലത്ത് പുതുതായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തും :

(സി) ഈ പദ്ധതിക്ക് ലഭിച്ച വിദേശ സഹായം, കണക്കാക്കപ്പെട്ട മൊത്തം പദ്ധതിച്ചെലവ് എന്നിവ എത്രയാണ് ;

(ഡി) പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തുനിന്ന് ഏതെല്ലാം ഉദ്യോഗസ്ഥന്മാർ ആരുടെയൊക്കെ നേതൃത്വത്തിൽ വിദേശയാത്ര നടത്തി ; ഇതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ ; വിദേശ സന്ദർശനത്തിന്റെ ചെലവ് വഹിക്കുന്നത് ആരാണ് ; യാത്രയുടെ ഉദ്ദേശ്യങ്ങൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐക്യരാഷ്ട്ര സഭയുടെ ഘടകസംഘടനയായ യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം (UNDP) രൂപം നൽകിയ ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് സംസ്ഥാനത്ത് മൂന്നാർ ലാന്റ് സ്കേപ്പിന്റെ ഭാഗമായി കണക്കാക്കിയിട്ടുള്ള ദേവികുളം, ഉടുമ്പൻചോല, കോതമംഗലം, കുന്നത്തുനാട്, മുകുന്ദപുരം എന്നീ 5 താലൂക്കുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള സംസ്ഥാന വനം വന്യജീവി വകുപ്പ് വഴി കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് നടപ്പാക്കുന്നത്. മൂന്നാർ ഹൈറേഞ്ച് മേഖലയിൽ പദ്ധതി നടത്തിപ്പിനായുള്ള മുന്നൊരുക്കങ്ങൾ, പദ്ധതിയുടെ നേരിട്ടുള്ള നിർവ്വഹണം, മേഖലയിൽ വിവിധ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മറ്റ സ്ഥാപനങ്ങൾ, ഏജൻസികൾ തുടങ്ങിയവയുമായുള്ള ഏകോപനവും സഹകരണവും എന്നിവയാണ് വനം വകുപ്പിന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ.

(ബി) പദ്ധതിയുടെ ഭാഗമായി കൃഷിഭൂമി സംരക്ഷിത വനപ്രദേശമാക്കാനും പദ്ധതി പ്രദേശത്ത് പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നില്ല.

(സി) ഈ പദ്ധതിക്ക് ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ല. പദ്ധതി രേഖ പ്രകാരം 5 വർഷത്തേക്കായുള്ള പദ്ധതിയുടെ നടത്തിപ്പിനായി ഉദ്ദേശം 35 കോടി രൂപ (US $ 6.27 Million)-യുടെ ധനസഹായമാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തുനിന്നും ചീഫ് സെക്രട്ടറി ശ്രീ. ഇ. കെ. ഭരത് ഭൂഷന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ വിദേശയാത്ര നടത്തി.

1	ശ്രീ. പി. കെ. മൊഹന്തി	അഡീ. ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്
2	ശ്രീ. ജി. ഹരികുമാർ	പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ
3	ശ്രീ. സുബ്രതോ ബിശ്വാസ്	പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്

4	ഡോ. രാജൻ ഖോബ്രാഗഡെ	സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5	ഡോ. അമിത് മല്ലിക്	ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം
6	ശ്രീ. സഞ്ജയൻ കുമാർ	ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്
7	ശ്രീ. അജിത് പാട്ടീൽ	ജില്ലാ കളക്ടർ, ഇടുക്കി
8	ശ്രീ. എം. റ്റി. തോമസ്	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി
9	ശ്രീ. എൽദോസ് കുന്നപ്പള്ളി	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എറണാകുളം.

പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കാൻ സഹായിക്കുന്ന, ഐക്യരാഷ്ട്ര സഭയുടെ ഘടക സംഘടനയായ യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം ആണ് ഈ സന്ദർശനത്തിന്റെ ചെലവ് വഹിച്ചത്.

സംരക്ഷിത വനപ്രദേശങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ ക്രിയാത്മകമായ പങ്ക് വഹിക്കുന്നവരുടെ ആഗോളതലത്തിൽ ഓരോ 10 വർഷവും കൂടുമ്പോൾ നടത്തുന്ന ഒത്തു ചേരലായ 'വേൾഡ് പാർക്ക് കോൺഗ്രസ്സ്-2014-ൽ' പങ്കെടുക്കാനും പ്രദേശത്തെ സംരക്ഷിത വന പ്രദേശങ്ങൾ സന്ദർശിക്കാനുമാണ് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ സിഡ്നിയിൽ പോയത്.

കണ്ടൽ വനമേഖലകളുടെ സംരക്ഷണം

290 (2165) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങളിലെ കണ്ടൽ വനമേഖലകൾ സംരക്ഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) മാലിന്യ നിക്ഷേപത്തെ തുടർന്ന് കണ്ടൽ വനങ്ങളുടെ ജൈവ സമ്പന്നത നശിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ബോധവത്കരണ പദ്ധതിയിലൂടെ ഇത്തരം വനങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly